**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 180/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ സഭയുടെ പാരമ്പര്യമനുസരിച്ച് നോമ്പ് കാലങ്ങളും, നോമ്പ് ആരംഭിക്കുന്നതിന്റെ തലേദിവസവും, സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള കാത്തിരിപ്പിന്റെ ദിവസങ്ങളും ഒഴികെ മറ്റെല്ലാ ഞായറാഴ്ചകളിലും, തിങ്കളാഴ്ചകളിലും, ഹേവോറോ ദിനങ്ങൾ എന്നറിയപ്പെടുന്ന ഉയിർപ്പ് മുതൽ പുതുഞായറാഴ്ച വരെയുള്ള എല്ലാ ദിവസങ്ങളിലും മാത്രമേ വിവാഹങ്ങൾ നടത്തുവാൻ അനുവാദമുള്ളൂ. എന്നാൽ വിവാഹങ്ങൾ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങളിൽ വിവാഹം നിശ്ചയിച്ചിട്ട് നമ്മുടെ പ്രത്യേക അനുമതിക്കായി അപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നു എന്നുള്ളത് ഏറെ പ്രയാസമുളവാക്കുന്ന ഒരു സംഗതിയാണ്. ആധുനിക കാലഘട്ടത്തിൽ, വധൂവരന്മാർ ഹ്രസ്വകാലത്തെ അവധിക്ക് വിദേശത്തു നിന്നും വന്ന് വിവാഹം നടത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരികെ പോകേണ്ട ആവശ്യം നേരിടുന്ന അപൂർവ്വം സന്ദർഭങ്ങളിൽ, ആവശ്യമെന്ന് ബോധ്യപ്പെടുന്നവർക്ക് മാത്രം പ്രത്യേക അനുവാദം നൽകുന്നതിന് സഭാ തലവൻ എന്ന നിലയിൽ നമുക്ക് അധികാരമുണ്ട്. ഇതിനെ ഒരു പൊതു നിയമമായിട്ടോ പൊതു തത്വമായിട്ടോ വ്യാഖ്യാനിക്കുന്നത് ശരിയല്ല.

വിവാഹങ്ങൾ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങളിൽ വിവാഹം നിശ്ചയിച്ചിട്ട് അത് നടത്തുന്നതിന് വികാരിയുടെയും ഭദ്രാസന മെത്രാപ്പോലീത്തായുടെയും ശുപാർശയോടെ നമുക്ക് സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് നാം അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇന്ത്യയിലെ പള്ളികളിൽ ചൊവ്വ, വ്യാഴം, ശനി എന്നീ ദിവസങ്ങളിലും, പേത്തുർത്താ ദിനങ്ങളിലും കാത്തിരിപ്പ് ദിവസങ്ങളിലും വിവാഹം നടത്തുന്നതിന് യാതൊരു കാരണവശാലും ഇനിമുതൽ അനുവാദം നൽകുന്നതല്ല എന്ന് അറിയിക്കുന്നു. ചൊവ്വാ, വ്യാഴം ദിവസങ്ങളിൽ വൈകുന്നരം മുതൽ നോമ്പ് ആരംഭിക്കുന്നതിനാലും, ശനിയാഴ്ച വൈകുന്നേരം ഏറ്റവും പ്രധാനപ്പെട്ട മാറാനായ ദിവസം ആയ ഞായറാഴ്ച ആരംഭിക്കുന്നതിനാലുമാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നമ്മുടെ പ്രിയപ്പെട്ട വൈദികർ ഈ ദിവസങ്ങളിൽ പ്രത്യേക അനുമതിക്കായി ശുപാർശ ചെയ്യരുത് എന്ന് നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഇന്ത്യയ്ക്ക് വെളിയിലുള്ള ദേവാലയങ്ങളെ സംബന്ധിച്ച്, ഇപ്പോൾ നിലവിലുള്ള രീതി തുടരാവുന്നതാണ്.

പ്രിയരെ, ആധുനിക കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് സഭയുടെ നിയമങ്ങളും ദോഷകരമല്ലാത്ത അത്യാവശ്യ വ്യതിയാനങ്ങൾക്ക് വിധേയമാകണം എന്നുള്ളത് നാമും ഉൾക്കൊള്ളുന്നു. എന്നാൽ അതിന്റെ പേരിൽ പ. സഭയുടെ പാരമ്പര്യങ്ങളും നിയന്ത്രണങ്ങളും അപ്രധാനം എന്ന് കരുതുന്നത് അഭിലഷണീയമല്ല. ആയതിനാൽ മേൽപറഞ്ഞ സംഗതികളിൽ പ്രിയപ്പെട്ട സഭാമക്കൾ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2025 ജൂലൈ മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him) Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 180/2025**

Blessings to our beloved Vicars of the churches, Assistant Priests, Priests of the locality, *Kaisthanees* and faithful of all the Parishes!

Dear ones,

According to the tradition of our Church, marriages are permitted to be blessed only on the days between Easter and the next Sunday (*Puthu Njayarazhcha*) and on all Sundays and Mondays except on Lenten season and the days preceding the beginning of the Lent (*pethurtho*), as well as on days before the feasts of Ascension and Pentecost (*Kathirippu Dinangal*). However, it is quite distressing that the number of people applying for our special permission to have weddings on days when marriages are not permitted to be blessed according to our tradition, is increasing. In modern times, in rare cases where brides and grooms working abroad face the necessity of coming home for a short vacation to conduct a wedding and if they are forced to return within a few days, we have the authority as the head of the Church to grant special permission. But such permissions are given only in special cases where we are convinced that it is absolutely necessary. It is not appropriate to interpret this as a general rule or a principle applicable to all situations.

We have granted permission to hold weddings on such days when marriages are not allowed, based on applications submitted with the recommendations of the vicar and the bishop of the diocese. However, considering the significant increase in the number of applicants, we inform that henceforth, in the parishes in India, no permission will be granted for marriages on Tuesdays, Thursdays, Saturdays, the days between the feast of Ascension and Pentecost (*Kathirippinte Dinangal*) and on days preceding the beginning of fasts (*pethurtho*), for any reason. This decision has been taken because fasting begins on Tuesdays and Thursdays evening and Sunday, the most important feast, starts on Saturday evening. We lovingly remind our dear clergy not to recommend for special permission on these days. Regarding the parishes outside of India, the current practice can continue.

Dear ones, we also acknowledge that according to the exigencies of modern times, the Church's traditions and practices should be subject to necessary changes that are not harmful. However, it is not desirable to consider the Church's traditions and regulations as obsolete in the guise of that. Therefore, we express our concern and expect the co-operation of all beloved members of the Church regarding the above matters.

May the Grace and Blessings of the God Almighty abide with you forever. And may the prayers of the Mother of our God, the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

From Catholicate Aramana
Devalokam, Kottayam, Kerala, India On July 10, 2025

**Baselios Marthoma Mathews III**